## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.4552 26.06.2014 ലെ മറുപടിയ്ക്ക്

## കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ. എം.ഹംസ<br>ശ്രീ. എളമരം കരീം<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കേരളാസ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് മറ്റ് കരാറുകാരിൽ നിന്നും വിഭിന്നമായി എന്തെല്ലാം ഇളവുകളാണ് നൽകി വരുന്നത്; | (എ) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സർക്കാരിന്റെ ടെണ്ടറുകളിൽ പങ്കെടുക്കുവാൻ പ്രീ ക്വാളിഫൈ ചെയ്തിട്ടുണ്ട്. EMD, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 'എ' ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമേ മറ്റ് കരാറുകാരിൽനിന്നും 10% അധിക നിരക്കിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടർ സമർപ്പിച്ചാൽ പ്രസ്തുത കരാർ പരിഗണിക്കാനും വ്യവസ്ഥയുണ്ട്. 28.09.88 ലെജി.ഒ.(എം.എസ്) നം.52/88/പി.ഡബ്ല്യൂ&റ്റി, 12.02.92 ലെ ജി.ഒ.(എം.എസ്)നം.16/92/പി.ഡബ്ല്യൂ&റ്റി, 07.08.97 ലെ ജി.ഒ.(എം.എസ്) നം. 81/97/പി.ഡബ്ല്യൂ&റ്റി, 18.08.98 ലെ ജി.ഒ.(പി) നം.75/98/പി.ഡബ്ല്യൂ.ഡി, എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ആണ് ഈ പരിഗണനകൾ നൽകുന്നത്. |
| (ബി) സർക്കാർ നൽകുന്ന ഇളവുകൾ വഴി കോർപ്പറേഷന് ലഭിക്കുന്ന പ്രവൃത്തികൾ കോർപ്പറേഷൻ നേരിട്ടാണോ ചെയ്യുന്നത്; അല്ലെങ്കിൽ പ്രസ്തുത പ്രവൃത്തികൾ ആരെയാണ് ഏൽപിക്കുന്നത്; | (ബി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, വേണ്ടത്ര യന്ത്ര സാമഗ്രികൾ ഉള്ളവരും, നിശ്ചിത സമയ പരിധിക്കകം പ്രവർത്തികൾ പൂർത്തിയാക്കുന്നവരുമായ പൊതുമരാമത്ത് വകുപ്പിലെ രജിസ്റ്റേർഡ് കോൺട്രാക്ടർമാരുടെ ഒരു പാനൽ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പാനലിൽപ്പെട്ട കരാറുകാരിൽ നിന്ന് രേഖാമൂലം ചുരുങ്ങിയ നിരക്ക് ലഭ്യമാക്കി, ആയതിന്റെ അടിസ്ഥാനത്തിലാണ് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പബ്ലിക് ടെണ്ടറുകളിൽ പങ്കെടുക്കുന്നത്. കമ്പനിയുടെ ടെണ്ടർ ഓഫർ പ്രകാരം അവാർഡ് ചെയ്തു കിട്ടുന്ന പ്രവൃത്തികൾ നികുതി ബാദ്ധ്യത കഴിച്ച് 5% ലാഭം വീതം കിട്ടത്തക്ക വിധത്തിൽ സബ് കോൺട്രാക്ട് ചെയ്തു നൽകുന്നു. |

| | | | |
|---|---|---|---|
| (സി) | കൺസ്ട്രക്ഷൻ - കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രവ്യത്തികൾ സ്വകാര്യ കോൺട്രാക്ടർമാരെക്കൊണ്ടാണ് ചെയ്യിക്കുന്നതെങ്കിൽ ഇതുമൂലം കോർപ്പറേഷനുണ്ടാകുന്ന നേട്ടമെന്ത്; | (സി) | നികുതി ബാദ്ധ്യതകൾക്കുശേഷം പ്രസ്തുത പ്രവ്യത്തികൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ബിൽതുകയുടെ 5% കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് ലാഭ വിഹിതമായി ലഭിക്കുന്നു. |
| (ഡി) | കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രവൃത്തി സ്വകാര്യ കോൺട്രാക്ടർമാർക്ക് മറിച്ച് നൽകുന്നതിൽ വൻ അഴിമതിയും സാമ്പത്തിക നഷ്ടവും ഉണ്ടാകുന്നുണ്ടെന്ന കാര്യം പരിശോധിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തിരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ഡി) | പരിശോധിക്കപ്പെട്ടിട്ടുണ്ട്. ഇതുവരെയും കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെതിരെ നടപടി സ്വീകരിക്കേണ്ട ആവശ്യം വന്നിട്ടില്ല. |
| (ഇ) | ഇക്കാര്യത്തിൽ സി & എ.ജി ചൂണ്ടി ക്കാണിച്ച ന്യൂനതകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ? | (ഇ) | സി & എ.ജി ചൂണ്ടിക്കാണിച്ച ന്യൂനതകൾ താഴെപ്പറയുന്നവയാണ്.<br>1. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിയ ഇളവുകൾ സബ് കോൺട്രാക്ട് മുഖേന ഉപകരാറുകാർക്ക് ഗുണകരമായി.<br><br>2. അഞ്ചു പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 888 കോടി രൂപ മതിപ്പുവരുന്ന 128 പ്രവ്യത്തികൾ ഏൽപ്പിച്ചുവഴി 104.81 കോടി രൂപയുടെ അധികചെലവ് വന്നു.<br><br>3. പൊതുമരാമത്ത് വകുപ്പ് ചെയ്യേണ്ട 88.04 കോടി രൂപ മതിപ്പുവരുന്ന 19 പണികൾ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചുവഴി കൺസൾട്ടൻസി ചാർജ്ജ് ഇനത്തിൽ അധിക ചെലവ് വന്നു.<br><br>4.കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് അപ് ഫ്രണ്ട് ഫീ വഴി 9.03 കോടി രൂപ അധിക ചെലവ് വന്നു.<br><br>5. യഥാസമയം വർക്ക് തീരാതെ വന്ന അധിക ചെലവ്.<br><br>6.കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ 10% പ്രൈസ് പ്രിഫറൻസ് വഴി അധിക ചെലവ്.<br><br>7. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഉപകരാർ വഴി പണി ചെയ്യിക്കുന്നതിനാൽ മൊബിലൈസേഷൻ അഡ്വാൻസ് ക്രമത്തിലല്ല. |

Manjul

സെക്ഷൻ ഓഫീസർ